**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 692** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി സംഘർഷം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ പത്തുവർഷത്തിനിടെ വന്യജീവി ആക്രമണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

**<u>മറുപടി:</u>** ലഭ്യമായ കണക്കുകൾ പ്രകാരം കഴിഞ്ഞ പത്തു വർഷത്തിനിടെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ക്രമാതീതമായി കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** മുൻ വർഷങ്ങളിൽ നടപ്പാക്കിയ സോളാർ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ എത്രമാത്രം പ്രവർത്തനക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവ കൃത്യമായി പരിപാലിക്കുന്നതിൽ കഴിഞ്ഞകാലങ്ങളിൽ വീഴ്ചപറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സോളാർ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിലവിലുണ്ടെങ്കിലും വന്യജീവി ആക്രമണം ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടില്ല.

**(സി)** വന്യജീവി സംഘർഷം കുറയ്ക്കുന്നതിൽ കഴിഞ്ഞ പത്ത് വർഷം നടപ്പിലാക്കിയ പ്രതിരോധ നടപടികൾ പൂർണമായും പരാജയപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വനാതിർത്തികളിൽ ശാസ്ത്രീയവും സ്ഥിരവുമായ പ്രതിരോധസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രതിരോധ നടപടികൾ പൂർണ്ണമായും ഫലപ്രദമാണെന്ന് കാണുന്നില്ല. വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ "Vision 2031" തയ്യാറാക്കിയിട്ടുള്ളതാണ്. മൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽത്തന്നെ നിലനിർത്തുക, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ, ഈ മുൻകരുതൽ നടപടികൾക്ക് ശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം നാശനഷ്ടം സംഭവിക്കുന്ന പക്ഷം , അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**